

പൂജ വിജയൻ

## പണവും പ്രശസ്തിയും കൈനിറയെ

മൂന്നുവർഷം മുമ്പ് തൃശ്ശൂർ സെന്റർപോയിന്റിൽ ഒരു റാംപ് ഷോ കാണാൻ പോയ പൂജ വിജയൻ മടങ്ങിയത് മോഡലാവുക എന്ന സ്വപ്നവുമായായിരുന്നു. അച്ഛൻ വിജയനും അമ്മ വിലാസിനിയും മകളുടെ സ്വപ്നങ്ങൾക്ക് കൂട്ടുനിന്നപ്പോൾ പൂജ കേരളത്തിലെ മികച്ച റേറ്റിങ്ങുള്ള മോഡലുകളിൽ ഒരാളായി മാറി.

ഫോട്ടോസെഷനും ഷൂട്ടിങ്ങും ഷോപ്പിങ്ങുമൊക്കെയായി വലിയതിരക്കിലാണ് പൂജയിപ്പോൾ. മാസം കുറഞ്ഞത് അമ്പതിനായിരം രൂപയെങ്കിലും മോഡലിങ്ങിലൂടെ നേടുന്നു. സീസണായാൽ അതിലേറെയും.

പൂജ പ്ലസ് ടു വരെ അഹമ്മദാബാദിലാണ് പഠിച്ചത്. മോഡലിങ്ങുമായി തന്നെ അടുപ്പിച്ചത് നഗരജീവിതമാണെന്ന് പൂജ. "അഹമ്മദാബാദിലൊക്കെ കൂടുതൽ അവസരങ്ങളുണ്ട്. ഒരു റാംപ് ഷോ ചെയ്താൽ തന്നെ കൂടുതൽ പബ്ലിസിറ്റി കിട്ടും. എന്നും ഷോകൾ ഉണ്ടാകും. ഇവിടെ വല്ലപ്പോഴുമാണ് ഒരു ഷോ കിട്ടുക." മോഡലിങ്ങിനെ ജോലിയായി കാണാൻ മലയാളികൾ മടിക്കുന്നതിന്റെ കാരണം പൂജ പറഞ്ഞു.

"പഠനം മുടങ്ങാതെ അത്യാവശ്യം പണം സമ്പാദിക്കാനുള്ള വഴി എന്ന നിലയ്ക്കാണ് ആദ്യം ഞാൻ മോഡലിങ്ങിനെ കണ്ടത്. അതുകൊണ്ട് ഫീസ് കൊടുക്കാനും വണ്ടി കാശിനുമൊന്നും വീട്ടുകാരെ ബുദ്ധിമുട്ടിക്കേണ്ടിവന്നിട്ടില്ല. പഠിച്ചുകൊണ്ടിരിക്കെ മോഡലിങ്ങ് ചെയ്യുന്നത് ഇപ്പോൾ